# എഴുത്തുകാർ

## ഉപഗുപ്തൻ



എഴുത്തുകാർ
ഉപഗുപ്തൻ
(മലയാളം: ലേഖനം)

© 2022, Upagupthan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Girl reading, a painting by Georgios Jakobides (1853–1932). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# എഴുത്തുകാർ

കഴിഞ്ഞപ്രാവശ്യം ഞാൻ കമ്പോസിറ്റർമാരേപ്പറ്റി എഴുതിയത്. പല അച്ചനിരത്തുകാർക്കും അത്ര രസിച്ചിട്ടില്ല. ഭാഷാപോഷിണിപത്രാധിപർ മുഖാന്തിരം ഒരു കമ്പോസിറ്റർ എനിക്കയച്ചതന്ന കത്തു ചുവടെ ചേർക്കുന്നു:-

"സർ, നിങ്ങൾ ഞങ്ങളെ ആക്ഷേപിച്ചും, പത്രങ്ങളിലും മാസികകളിലും പുസ്തകങ്ങളിലും മറ്റും കാണുന്ന തെറ്റുകൾക്ക് മുഴുവൻ ഉത്തരവാദികൾ ഞങ്ങളാണെന്നു സമർത്ഥിച്ചും എഴുതിയിരിക്കുന്നതു കണ്ടു. അതു വലിയ സങ്കടമായിപ്പോയി. ഞങ്ങളുടെ തൊഴിലിനെ ബാധിക്കുന്ന ഒരു പ്രസ്താവന ആരു ചെയ്താലും അതിനെ പ്രതിഷേധിക്കാതിരിക്കുവാൻ നിവൃത്തില്ല. ഇന്നത്തെ തൊഴിലാളി യൂണിയനോ, എസ്. എൻ. ഡി. പി. യോഗമോ പോലെ ഒരു സംഘടന ഞങ്ങൾക്കുമുണ്ടായിരുന്നുവെങ്കിൽ ഈ പ്രസ്താവനയെ എതിർക്കുവാനായി ഞങ്ങൾ മഹായോഗങ്ങൾ കൂട്ടുകയും പ്രതിഷേധനിശ്ചയങ്ങൾ പാസ്സാക്കി അധികൃതസ്ഥാനങ്ങളിൽ അയയ്ക്കുകയും ചെയ്യുമായിരുന്നു. അച്ചടിത്തെറ്റുകൾക്കു പ്രധാനകാരണക്കാർ എഴുത്തുകാരാണ്; അതേ, അതുറപ്പിച്ചു, സർവ്വശക്തികളുമുപയോഗിച്ചു തന്നെ പറയുവാൻ എനിക്കു കഴിയും. അടിസ്ഥാനരഹിതമായി വെറുതെ പറയുന്നതല്ലയിത്. പല എഴുത്തുകാരുടേയും കൈയക്ഷരം വായിക്കുവാൻ നിവൃത്തിയില്ലാത്തവിധം അത്രമാത്രം ചീത്തയാണ്. കാക്കക്കാലു വരച്ചിരിക്കുകയാണെന്നു തോന്നും. ചിലരുടെ എഴുത്ത് വെറും തലയിലെഴുത്തായിരിക്കും. അങ്ങുമിങ്ങും ചില വരകളും ഒരു ചുറ്റിക്കെട്ടി കൊക്കപ്പുഴുവിന്റെ തലപോലെ ചില അടയാളങ്ങളും മാത്രമെ കാണുകയുള്ളൂ. അതെല്ലാം ഉള്ളതുപോലെ വായിച്ച് കമ്പോസ് ചെയ്യുകയെന്നുള്ളതു എന്ത് പ്രയാസമാണെന്ന്, ഉപജ്ഞൻ സാറെ താങ്കൾക്കറിഞ്ഞുകൂടായിരിക്കും. വായിക്കാൻ പാടില്ലാത്ത അക്ഷരവടിവിന്റെ കൂടെ ചില വെട്ടും തിരുത്തലും കൂടിയാകുമ്പോൾ സുമാറായി. ചിലപ്പോൾ ചില അക്ഷരങ്ങൾ കാണുകയേ ഇല്ല. ഇങ്ങനെയുള്ള കൈയെഴുത്തുകൾ വായിച്ചു ചേർക്കുന്ന ഞങ്ങളെപ്പറ്റി ഇത്ര ദയയില്ലാതെ പ്രസ്താവിച്ചതു സങ്കടമായിപ്പോയി..."

ഈ കത്തിലെ ഓരോ വാക്കും ശരിയാണ്. എന്റെ പ്രസ്താവന വല്ല കമ്പോസിറ്റർമാർക്കും മനോവേദനക്കു കാരണമായിട്ടുണ്ടെങ്കിൽ അതിനു ക്ഷമായാചനം ചെയ്യത്തക്ക ഹൃദയവിശാലത ഉപജ്ഞനുണ്ട്.

എഴുത്തുകാർ—സാഹിത്യമെഴുത്തുകാരെയും പത്രമെഴുത്തുകാരെയും മാത്രമാണിവിടെ ഉദ്ദേശിക്കുന്നത്. അവർ എഴുതിയെഴുതി, കുളിപ്പിച്ചു കുളിപ്പിച്ചു കുഞ്ഞില്ലെന്നു പറയുന്ന വിധമായിത്തീർന്നിട്ടുണ്ട്. മനസ്സിലിരിക്കുന്നതൊന്ന്, എഴുതുന്നതു മറ്റൊന്ന്, വായിക്കേണ്ടത് വേറൊന്ന്—ഇങ്ങനെയായിട്ടുണ്ട് ഇവരുടെ എഴുത്തിന്റെ വിശേഷം.

ഉവ്വ്, എനിക്കറിയാം ചില എഴുത്തുകാരെ, എന്റെ സ്വഭാവം എനിക്കുതന്നെ പിടിക്കുകയില്ല എന്നു പറയുന്നവരെക്കാൾ ദയനീയമാണിവരുടെ കാര്യം. എന്തെന്നാൽ അവരുടെ എഴുത്ത് അവർക്കു തന്നെ വായിക്കുവാൻ സാധിക്കുകയില്ലപോലും. ഇന്നിപ്പോൾ പെൻഷൻപറ്റി വിശ്രമിക്കുന്ന ഒരു മാന്യൻ ഒരു വലിയ അച്ചടിശാലയിലേക്ക് ഒരു കത്തയച്ചു. ആ കത്തിലെ നിർദ്ദേശം വായിച്ചു മനസ്സിലാക്കിയപ്പോൾ, കത്തിന്റെ ഉടമസ്ഥന് ൮ർ റാത്തൽ അക്ഷരയാണികൾ കിട്ടിയപ്പോൾ, ഉദ്യോഗസ്ഥൻ അമ്പരന്നുപോയി. അദ്ദേഹം അതു തിരിയെ കൊടുത്തയച്ചു. ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടിരുന്നത് ഒരു "ഇരുപത്തിനാലുവൃത്ത"മായിരുന്നു.

വലിയൊരു പണക്കാരൻ അദ്ദേഹത്തിന്റെ മകനു വളരെ അടിയന്തിരമായി ഒരു കത്തയച്ചു. കത്തു വായിച്ച മകൻ രണ്ടു മോട്ടർ വണ്ടികളുമായി പിതൃസവിധത്തിലേക്കു പാഞ്ഞു. അവിടെ ചെന്നപ്പോൾ, "എന്തിനാണ് രണ്ടു കാറുകളും കൊണ്ടു വന്നിരിക്കുന്നതെ"ന്ന് പിതാവു ചോദിച്ചു. "അച്ഛന്റെ എഴുത്തിൽ അങ്ങനെയെഴുതിയിരുന്നല്ലോ" എന്നു പുത്രൻ മറുപടി പറഞ്ഞു. അച്ഛൻ എഴുത്ത് ആവശ്യപ്പെട്ടു. അതിൽ എഴുതിയിരുന്നതു വളരെ സൂക്ഷിച്ചു വായിച്ചു നോക്കിയപ്പോൾ, രണ്ടുമണിയോടുകൂടിവരണം എന്നാണ് എഴുതിയിരിക്കുന്നതെന്നു മനസ്സിലായി. രണ്ടു മണിയെന്നുള്ളത് രണ്ടു വണ്ടിയെന്നാണു മകൻ ഗ്രഹിച്ചത്.

കമ്പോസിറ്റർമാർക്ക് അവരുടെ കയ്യിൽ കിട്ടുന്ന "മാറ്റർ" അതേപടി ചേർക്കണമെന്നാണു അലിഖിതനിയമം. യാതൊന്നും വിട്ടുകളയുവാനോ കൂട്ടിച്ചേർക്കുവാനോ അവർക്കധികാരമില്ല. അതിനാൽ എഴുത്തുകാർ എന്തെഴുതിക്കൊടുക്കുന്നുവോ അതു കമ്പോസ് ചെയ്തു വയ്ക്കുക മാത്രമാണ് അവരുടെ തൊഴിൽ. വല്ലതും വിചാരിച്ചുകൊണ്ടു വല്ലതുമെഴുതുന്ന ചില എഴുത്തുകാരുണ്ട്. അവരെയാണ് പിശകുകൾക്ക് കുറ്റപ്പെടുത്തേണ്ടത്. പത്രമെഴുത്തുകാരാണെന്നും പറഞ്ഞു് ഒരു കൂട്ടരുണ്ട്. അവരുടെ കൈയെഴുത്തു കാണേണ്ടതു തന്നെയാണ്. അവ ചേർക്കുന്ന കമ്പോസിറ്റർമാരെ നമസ്കരിക്കണം.

□

## ഭാഷാപോഷിണി




മലയാള മനോരമ പ്രസിദ്ധീകരിക്കുന്ന സാഹിത്യ മാസികയാണ് ഭാഷാപോഷിണി. ആദ്യ പത്രാധിപർ കണ്ടത്തിൽ വർഗീസ് മാപ്പിള. 1891 ആഗസ്റ്റ് 29-ന് (കൊല്ലവർഷം 1097 ചിങ്ങമാസം 14-ന്) കോട്ടയത്തുവെച്ച് മലയാള മനോരമയുടെ സ്ഥാപകപത്രാധിപരായിരുന്ന കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ ഉത്സാഹത്തിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ അദ്ധ്യക്ഷനായി 'കവിസമാജം' എന്ന പേരിൽ ഒരു സംഘടന രൂപം കൊണ്ടു. കേരളത്തിലെ ആദ്യത്തെ സാഹിത്യസഭയായിരുന്നു ഇത്. ആദ്യസമ്മേളനത്തിൽ വെച്ചുതന്നെ സംഘടനയുടെ പേരു് 'ഭാഷാപോഷിണി സഭ' എന്നാക്കി മാറ്റാനും 'ഭാഷാപോഷിണി' എന്ന പേരിൽ ഒരു പത്രിക ആരംഭിക്കാനും തീരുമാനമായി. മലയാളത്തിലെ ഗദ്യ സാഹിത്യത്തിന്റെ വികാസത്തിൽ ഭാഷാപോഷിണിക്ക് നിർണ്ണായക പങ്കുണ്ട്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.